**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3753

**24.06.2014**- ൽ മറുപടിക്ക്

**കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) സഹകരണ സംഘങ്ങളിൽ നിന്ന് കാർഷിക വായ്പ അനുവദിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) കാർഷിക ആവശ്യത്തിനാണ് വായ്പയെന്നും അപേക്ഷകന് കൃഷി ചെയ്യുന്നതിനുള്ള ഭൂമി കൈവശമുണ്ടെന്നും ബോധ്യപ്പെട്ട് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളയ്ക്ക് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച തോതിലുള്ള അനുവദനീയമായ തുകയാണ് നൽകി വരുന്നത്. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പ്രകാരം ഓരോ വർഷവും വായ്പകൾക്ക് പ്രത്യേകം ഈട് കൂടാതെ തന്നെ 5 വർഷത്തേയ്ക്ക് ക്രെഡിറ്റ് ലിമിറ്റ് അനുവദിക്കുകയും റിസർവ്വ് ബാങ്ക് നിർദ്ദേശാനുസരണം ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് യാതൊരു ഈടും സ്വീകരിക്കാതെയും വിതരണം ചെയ്തു വരുന്നു. |
| ബി) കാർഷിക വായ്പകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) കിസാൻ ക്രെഡിറ്റ് കാർഡുകൾ മുഖേനയുള്ള കാർഷിക വായ്പകൾ നിലവിൽ ലഘൂകരിച്ച വ്യവസ്ഥകൾ പ്രകാരം തന്നെയാണ് നൽകുന്നത്. ഇതിനു പുറമെ, സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന കാർഷിക വായ്പകൾ ഉൾപ്പെടെയുള്ള വായ്പകൾ നൽകുന്നതിനുള്ള നടപടികൾ ലഘൂകരിച്ച് നിർദ്ദേശം നൽകുകയും പരമാവധി 15 ദിവസത്തിനകം വായ്പകൾ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**